STUDY MATE QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

# First Terminal Evaluation-2024-'25

Time: 1½ Hrs

Std : 5 **അടിസ്ഥാനപാഠാവലി** Score :25

**നിർദ്ദേശങ്ങൾ:**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

**6 പ്രവർത്തനത്തിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.**

**പ്രവർത്തനം-1**

കേരളത്തിൽ വളരെയധികം നാടൻകളികൾ ഉണ്ട്. കുട്ടികൾക്ക് ശാരീരികവും മാനസികവുമായുള്ള വളർച്ചയ്ക്ക് 'നാടൻ കളികൾ' ഏറെ പ്രയോജനപ്രദമായിരുന്നു. കുഴിപ്പന്തുകളിക്ക് തെങ്ങോലകൊണ്ട് പന്ത് ഉണ്ടാക്കി ഉപയോഗിക്കുന്നു. കളിക്കുന്ന കുട്ടികൾക്ക് ഓരോ ചെറിയ കുഴി ഒരേ വലുപ്പത്തിൽ നേർരേഖയിൽ ഉണ്ടാക്കുന്നു. കുഴികളുടെ രണ്ടറ്റത്തായി രണ്ടുപേർ നിൽക്കുന്നു. ഒരാൾ കുഴിക്ക് മുകളിലൂടെ പന്ത് ഉരുട്ടുമ്പോൾ ആരുടെ കുഴിയിൽ വീണോ ആ ആൾക്ക് ആ പന്തെടുത്ത് മറ്റുള്ളവരെ എറിയാം. ഏറുകൊണ്ട ആൾ അടുത്തയാളെ ഉന്നം വയ്ക്കുന്നു. വീണ്ടും ഇത് ആവർത്തിക്കുന്നു.

a. ഇവിടെ ഏതുകളിയെക്കുറിച്ചാണ് പറയുന്നത്? [1]

b. ശീർഷകം നൽകൂ [1]

c. നാടൻകളികൾ കൊണ്ടുള്ള പ്രയോജനമെന്ത്? [2]

d. ഈ കളിക്ക് പറ്റുന്ന രണ്ട് നിയമാവലി തയ്യാറാക്കൂ. [1]

**പ്രവർത്തനം-2**

a. കാട്ടിൽ കൂട്ടുകാരോടൊപ്പം നടത്തിയ കളികളെ കുറിച്ച് കണ്ണൻ വീട്ടിൽ എത്തി അമ്മയോട് വിവരിച്ചത് ഒരു വർണ്ണനയായി എഴുതൂ. [3]

b. താഴെ തന്നിരിക്കുന്ന വാക്കുകളുടെ അർത്ഥം എഴുതുക.

i) നണ്ണി

ii) കന്നുകൾ [2]

**പ്രവർത്തനം-3**

റ്റോമോയിലെ കായികമേളയുടെ പ്രത്യേകതകൾ നമുക്കറിയാമല്ലോ. അതിനായി അവർ ഒരു പോസ്റ്ററും തയ്യാറാക്കിയിട്ടുണ്ടാവില്ലെ. അതിന്റെ ഒരു മാതൃക തയ്യാറാക്കൂ [5]

[P.T.O]

https://studymatequestionbank.blogspot.com/

**പ്രവർത്തനം-4**

'പന്ത് കളിക്കാനൊരു പെൺകുട്ടി' എന്ന പാഠഭാഗത്തിലെ സുമംഗലയെ നിങ്ങൾക്കറിയാലോ. "അപ്പോൾ പെൺകുട്ടികൾക്ക് ആ കളി കളിക്കാൻ പറ്റില്ല. അതു പാടില്ല" എന്നൊക്കെ നമ്മൾ കേൾക്കാറുണ്ടല്ലോ? നിങ്ങൾ അതിനോട് യോജിക്കുന്നുണ്ടോ? അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക. [5]

**പ്രവർത്തനം-5**

a. ഉൾച്ചേർന്ന പദങ്ങൾ കണ്ടെത്തൂ.

i) ഒന്നാമതെത്തി

ii) ഇളകിയാടുക [2]

b. 'കേകി' എന്ന പദത്തിന് ഒരു പകരപദം എഴുതൂ. [1]

c. 'കൃഷ്ണഗാഥ'യുടെ കർത്താവാര്? [1]

d. 'ടോട്ടോച്ചാൻ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്? [1]

**പ്രവർത്തനം-6**

റ്റോമോയിലെ കായികമേളയുടെ പ്രത്യേകതകൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കൂ. [5]

STUDY MATE QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

https://studymatequestionbank.blogspot.com/